പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1348 — 11.08.2017 ൽ മറുപടിയ്ക്ക്

## ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

എ) ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തെ ജൈവകാർഷിക സംസ്ഥാനമായി മാറ്റുന്നതിന് ഘട്ടം ഘട്ടമായിട്ടുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 2016-17-ൽ നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1). ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

കേരളത്തിലെ 14 ജില്ലകളിൽ ഉത്തമ കൃഷിമുറകൾ (ജി.എ.പി) പാലിച്ചു കൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ഒരു ഹെക്ടറിന് 3000/- രൂപ നിരക്കിൽ ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുകയും ചെയ്തു. ഈ ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ജി.എ.പി സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്"എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തി വരുന്നു.

2). ജൈവവള നിർമ്മാണ യൂണിറ്റ്

കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി 1622 റുറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000/- രൂപ വീതവും മണ്ണിര കമ്പോസ്റ്റ്

യൂണിറ്റിന് 7500 രൂപ വീതവും ധനസഹായം നൽകി വരുന്നു.

3). ഇക്കോഷോപ്പുകൾ

ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 65 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.. ഉത്തമ കൃഷിമുറകൾ പാലിച്ചു കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക്"എന്ന ലേബലിൽ ജി.എ.പി സർട്ടിഫിക്കേഷനോടും കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക നൽകി വരുന്നു.

4). ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ജി.എ.പി ക്ലസ്റ്ററുകളിലെ കർഷകരിൽ നിന്നും പച്ചക്കറികളും പഴവർഗ്ഗങ്ങളും സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് മുതലായവ നടത്തി നഗരസഭകളിലും മുനസിപ്പാലിറ്റികളിലുമുള്ള റെസിഡൻസ് അസോസിയേഷൻ മുഖേന വിൽപന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി.

5). ജൈവകാർഷിക മണ്ഡല അവാർഡുകൾ

ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി. കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

1). ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹന പ്രവർത്തനം നടത്തി വരുന്നു.

2). ജൈവകാർഷിക മണ്ഡല അവാർഡുകൾ

ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച

വയ്ക്കുന്ന മൂന്ന് നിയോജകമണ്ഡലങ്ങൾക്കും മൂന്ന് മുനിസിപ്പാലിറ്റികൾക്കും സംസ്ഥാനതലത്തിൽ ഒരു കോർപ്പറേഷനും ജൈവകൃഷിയിലേക്ക് മാറിയിട്ടുള്ള ജില്ലയിലെ മൂന്ന് മികച്ച പഞ്ചായത്തുകൾക്കും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നൽകുന്നു.

3). <u>സേഫ് റ്റു ഈറ്റ്</u>

സംസ്ഥാന സർക്കാരിന്റെ "സേഫ് റ്റു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിൽ പരിശോധനാ ഫലം പരസ്യപ്പെടുത്തുന്നതു വഴി ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും.ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

4). <u>ഇക്കോഷോപ്പുകൾ</u>

ജൈവ കർഷകരുടെ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് 20% അധിക വില ഇക്കോഷോപ്പുകൾ വഴി വിപണനം ചെയ്യുമ്പോൾ കർഷകന് ലഭിക്കുന്നു.

5) <u>ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം.</u>

കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക്" എന്ന ലേബലിലുള്ള

ഉല്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയും ഉള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 17 ക്ലസ്റ്ററുകൾക്ക് പച്ചക്കറി കിറ്റുകൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് നേരിട്ട് വില്പന നടത്തുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| **ബി)** | **സർക്കാർ മേൽനോട്ടത്തിൽ ജൈവ സൂപ്പർ മാർക്കറ്റുകളും ഫെയറുകളും സംഘടിപ്പിക്കുന്നത് പരിഗണിക്കുമോ;** | ബി) | പരിശോധിക്കാവുന്നതാണ്. |
| **സി)** | **ജൈവ കൃഷി ചെയ്യുന്ന കർഷകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?** | സി) | ജൈവകൃഷി ചെയ്യുന്ന കർഷകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ പദ്ധതികളിലായി നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപയുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. |

1). <u>ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ</u>

കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹന പ്രവർത്തനം നടത്തി വരുന്നു. നിലവിൽ 155 ക്ലസ്റ്ററുകൾക്കായി 116 ലക്ഷം രൂപ ധനസഹായമായി നൽകുന്നു. ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ജൈവകൃഷിയ്ക്ക് ഹെക്ടറിന് 3,000/- രൂപ എന്ന ക്രമത്തിൽ ഒരു ക്ലസ്റ്ററിന് 75,000/- രൂപ ധനസഹായം നൽകി വരുന്നു.

2) <u>ഇക്കോഷോപ്പുകൾ</u>

നടപ്പ് സാമ്പത്തിക വർഷം 150 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് 20% അധിക വില ഇക്കോഷോപ്പുകൾ വഴി വിപണനം ചെയ്യുമ്പോൾ കർഷകന് ലഭിക്കുന്നു. കൂടാതെ കർഷകരുടെ ക്ലസ്റ്ററുകൾ വഴി ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ഉല്പന്നങ്ങൾ

നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

3) <u>ജൈവഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം</u>

കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽതന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക്" എന്ന ലേബലിലുള്ള ഉല്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയും ഉള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 17 ക്ലസ്റ്ററുകൾക്ക് പച്ചക്കറി കിറ്റുകൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് നേരിട്ട് വില്പന നടത്തുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

4) <u>ജൈവകാർഷിക മണ്ഡല അവാർഡുകൾ</u>

ജൈവകാർഷിക വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന സംസ്ഥാനതലത്തിൽ ഒരു കോർപ്പറേഷനും ജൈവകൃഷിയിലേയ്ക്ക് മാറിയിട്ടുള്ള ജില്ലയിലെ മൂന്ന് മികച്ച പഞ്ചായത്തുകൾക്കും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നൽകുന്നു. ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം 123 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്.

ഇതു കൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുകയുണ്ടായി. പ്രധാനമായും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിനും ജൈവഗ്രാമങ്ങൾ രൂപീകരിക്കുന്നതിനുമുള്ള

ധനസഹായമാണ് കേന്ദ്ര സർക്കാർ ഈ പദ്ധതിപ്രകാരം അനുവദിച്ചത്. 2016-17 ൽ ഈ പദ്ധതിയ്ക്കായി 594.57 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**